പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 44

4.6.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ സ്കീം 2

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ സ്കീം 2 -ൽ അപേക്ഷിക്കുന്നതിന് ഭരണഘടന സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ; ആ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; | എ) | KAS രൂപീകരിക്കാൻ രണ്ടാം ഗസറ്റഡ് ജീവനക്കാരുടെ 10% തസ്തിക കുറവ് വരുത്തിയതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. KAS ഉദ്യോഗസ്ഥരെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് Stream II ൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താതിരുന്നത്. |
| ബി) | ഭരണഘടന സ്ഥാപനങ്ങൾ എന്ന് വിവക്ഷിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | ബി) | ഭാരത ഭരണഘടനയുടെ ഏതെങ്കിലും അനുച്ഛേദം വിവക്ഷിക്കുന്ന പ്രകാരം ഭരണഘടനയെ അടിസ്ഥാനമാക്കി രൂപംകൊണ്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങളാണ് ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് അർത്ഥമാക്കുന്നത്. Finance Commission-Article 280, Public Service Commission – Part XIV Chapter 2 Article 315-323, National Commission for SC/ST-Article 338/ Article 338-A, Comptroller Auditor General-Article 148, Attorney General of India-Article 76 etc ഭരണഘടനാ സ്ഥാപനങ്ങളാണ്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത നയപരമായ തീരുമാനമെടുക്കുന്നതിന് മുമ്പോ ശേഷമോ സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നൊക്കെ എന്ന് വ്യക്തമാക്കാമോ; നിയമോപദേശം തേടി അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) & (ഡി) | ഇല്ല. |
| ഡി) | പ്രസ്തുത വിഷയത്തിൽ ആരിൽ നിന്നെങ്കിലും നിയമോപദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | | |
| ഇ) | കെ.എ.എസ്. -ൽ ഉൾപ്പെടാത്ത നിരവധി വകുപ്പുകളിലെ ജീവനക്കാർക്ക് സ്ട്രീം 2-ൽ പരീക്ഷക്ക് അപേക്ഷിക്കാൻ സാധിക്കുമ്പോൾ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രം നയപരമായ തീരുമാനം എന്ന പേരിൽ അവസരം നിഷേധിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 14, 16(1) എന്നിവ അനുശാസിക്കുന്ന മൗലിക അവകാശങ്ങളുടെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ഇ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം സ്ട്രീം (2) ൽ സർക്കാർ വകുപ്പുകളിലെ റഗുലർ എംപ്ലോയീസ് അല്ലെങ്കിൽ Approved probationers എന്നിവർക്ക് മാത്രമെ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. എന്നാൽ സ്ട്രീം I മുഖേനയുള്ള നേരിട്ടുള്ള നിയമത്തിന് പ്രസ്തുത സ്ട്രീമിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് വിധേയമായി എല്ലാ വിഭാഗത്തിലുമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. |
| എഫ്) | കെ.എ.എസ്. പരീക്ഷ സ്ട്രീം -2 ൽ അപേക്ഷിക്കുന്നതിന് ഭരണഘടന സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ? | എഫ്) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ